നം കെ എസ് എ.പി.റ്റി.എ/പി11/1206/16
തീയ്യതി: 07/11/2016

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.07.2016 തീയതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 14.10.2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പൊർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016 ജൂലൈ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 14570 , 38976 , 38977 | 3 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ / ഓഡിറ്റ് റിപ്പോർട്ട് / ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം , നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | അനുബന്ധ പത്രികകൾ | 1-11 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക കണക്കിന്മേലുള്ള അവലോകനം | 2-1 |
| 2 | തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 3 | വാടക വരുമാനം കുറവ്. | 2-3 |
| 4 | കിടങ്ങന്നൂർ ഷോപ്പിംഗ്കോംപ്ലക്സ്നിർമ്മാണം- ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്തിന് ലക്ഷങ്ങളുടെ വരുമാന നഷ്ടം | 2-4 |
| 5 | വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി ക്രമങ്ങൾ പാലിക്കുന്നില്ല | 2-5 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുന്നു.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-1 |
| 2 | ദർഘാസ് പരസ്യങ്ങൾ നൽകുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-2 |
| 3 | KSEB സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ പ്രതി വർഷം നഷ്ടം 12.04 ലക്ഷം രൂപ | 3-3 |
| 4 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ചെലവ് 9.24 ലക്ഷം രൂപ | 3-4 |
| 5 | എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല | 3-5 |
| 6 | കക്കൂസ് നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 7 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 8 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 9 | സാന്ത്വന പരിചരണം- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-9 |
| 10 | ഐ.എ.വൈ.പദ്ധതിവിനിയോഗവിവരം ലഭിച്ചിട്ടില്ല | 3-10 |
| 11 | പള്ളിയോടങ്ങൾക്ക് ധനസഹായം- സർക്കാർ അനുമതി വാങ്ങിയിട്ടില്ല | 3-11 |

| | | |
|---|---|---|
| 12 | മരാമത്ത് പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി- | 3(12) |
| 13 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി | 3-13 |
| 14 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി റോഡ് കോൺക്രീറ്റിംഗ് നടത്തി | 3-14 |
| 15 | എം.ബുക്ക് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 |
| 16 | ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു.26.3 ലക്ഷം രൂപ നിഷ്ക്രീയം | 3-16 |

ഭാഗം-IV(ഓഡിറ്റ് പ്രത്യവലോകനം)

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീയതി | പുതുക്കിയ തീയതി |
|---|---|
| 25.03.2015 | 04.03.2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. ഇത് സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത് .വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 28296492 | 7142531 | (-)21153961 |
| വരവ് | 117535253 | 179591000 | 62055747 |
| ആകെ | 145831745 | 186733531 | 40901786 |
| ചെലവ് | 122716428 | 177019000 | 54302572 |
| നീക്കിയിരിപ്പ് | 23115317 | 9714531 | (-)13400786 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ

അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ബജറ്റ് 23-03-2015 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 25-03-2015 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. പരസ്യനികുതി തുടങ്ങിയ പുതിയ നികുതിയിനങ്ങളൊന്നും തന്നെ ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 37,868,677.50 |
| വരവ് | 53,577,496 |
| ആകെ | 91446173.50 |
| ചെലവ് | 82363092 |
| നീക്കിബാക്കി | 9083081.50 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3919558 | 2510610 | 5089227 | 11519395 | 11519395 | - | 0 |
| വികസനഫണ്ട് (എസ്.സി.പി) | 6068864 | 9658686 | - | 15727550 | 13607174 | 2120376 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 7000 | 0 | | 7000 | 0 | 7000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6092730 | 10652558 | 2166014 | 18911302 | 18911302 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2958385 | 2956000 | | 5914385 | 3748371 | 2166014 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4434502 | 4898216 | | 9332718 | 8157877 | 1174841 | 0 |
| ലോക ബാങ്ക് സഹായം | 3063840 | 1751199 | | 4815039 | 3028029 | 1787010 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 348 | 272 | 12 | 64 | 78.16% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 888150 | 381400 |
| വെറ്റിനറി സർജൻ | 5 | 5 | 907119 | 713014 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 1 | 1 | 539193 | 539193 |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | 2 | 2 | 300000 | 299960 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 2 | 2 | 550000 | 550000 |
| വി.ഇ.ഒ. | 11 | 6 | 9689750 | 4742152 |
| ഐ.സി.ഡി.എസ്. | 8 | 8 | 3918144 | 2446463 |
| സെക്രട്ടറി | 47 | 30 | 10804847 | 7107489 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 3521000 | 2313903 |
| ഹെഡ്മാസ്റ്റർ | 2 | 2 | 567304 | 567304 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 350 | 292 | 65392629 | 48756172 |

പൗരാണിക ഗ്രാമമായ ആറൻമുളയുടെ പാരമ്പര്യ തനിമ നിലനിർത്തിക്കൊണ്ട് ഓഫീസ് കെട്ടിടം പുതുക്കിപ്പണിഞ്ഞതും ഫ്രണ്ട് ഓഫീസ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊണ്ട് ജില്ലയിലെ തന്നെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങളിൽ ഒന്നാകാൻ കഴിഞ്ഞതും അഭിനന്ദനാർഹമായ നേട്ടമാണ്. നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

പൂർത്തിയാക്കാൻ നാളിതുവരെ കഴിയാതിരുന്നതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നത് ഒഴിവാക്കുന്നതിനായി കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ ആവിഷ്കരിക്കുന്നത് അഭിലഷണീയമല്ല. ഗ്രാമസഭകളുടെ ശാക്തീകരണം, പൗരാവകാശരേഖ പുതുക്കൽ, മാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിക്കൽ,തെരുവ് നായ്ക്കളുടെ നിയന്ത്രണം, ഉത്പാദനമേഖലയ്ക്ക് ഊന്നൽ നൽകുന്ന വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക, നികുതി/നികുതിയേതര വരവുകളുടെ പൂർണ്ണമായ സമാഹരണം എന്നീ കാര്യങ്ങൾക്ക് ഭരണ സമിതി അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്. പട്ടികജാതി കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5855013 | 4450197 | 1404816 | (-)42.65 |
| നികുതിയിതര വരവുകൾ | 594315 | 368077 | 226238 | (-)38.06 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 1042995 | 481315 | 561680 | (-)53.85 |
| ആകെ | 7492323 | 5299589 | 2192734 | (-)29.2 |

മുൻവർഷത്തെ അപേക്ഷിച്ച് തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വലിയ കുറവുണ്ടായിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കുന്നതിന് നടപടികളുണ്ടായിട്ടില്ല.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | 22 | 3 |
| 2 | തൊഴിൽ രഹിത വേതനം | 29 | 21 | 8 |
| 3 | വിധവാ പെൻഷൻ | 71 | 69 | 2 |
| 4 | വികലാംഗ പെൻഷൻ | 11 | 11 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 124 | 120 | 4 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഒരു വർഷം വരെ കാലതാമസമുണ്ടാകുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കായി നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി തിരികെ വാങ്ങി അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11710രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.08.2016 | 06/2016മുതൽ 07/2016 വരെ | 14.10.2016 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 25.08.2012 | 2007-08മുതൽ 2011-12 വരെ | 25.10.2012 |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിന്മേലുള്ള അവലോകനം

എ) ബി-11 പട്ടികയിലെ ആസ്തികളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററുമായിപൊരുത്തപ്പെടുന്നില്ല.ഉദാഹരണമായി, കോൺക്രീറ്റ് റോഡ് ആസ്തിയായികാണിച്ചിട്ടുള്ള 13874166 രൂപയിൽ തൻവർഷ ആസ്തിയുടെ മൂല്യം 102648 രൂപ മാത്രമാണ്. എന്നാൽ തൻവർഷം 3,11,53,056 രൂപയുടെ ആസ്തി സൃഷ്ടിച്ചിട്ടുണ്ട്.

ബി)വസ്തുനികുതി പരിഷ്കരണം തൻവർഷം പൂർത്തിയാക്കി ഡാറ്റാ എൻട്രി പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കുപ്രകാരമുള്ള കുടിശ്ശിക , തൻവർഷ ഡിമാന്റ് എന്നിവയുടെ കൃത്യത വ്യക്തമല്ല.

സി)മുൻകൂർ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി.18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

ഡി)ബി-4 പട്ടികയിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഇ) ബി11 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി കാണിച്ചിട്ടുള്ളത് 3635831/ രൂപയാണ്. എന്നാൽ യഥാർത്ഥ തുക 1806017/രൂപയാണ്.

എഫ്) വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പ് തുകകൾ പാസ്ബുക്കുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.

# 2-2 തൊഴിൽനികുതി ഈടാക്കിയില്ല

(I) മാരാമൺ എം.ഐ.സെക്ഷനിലെ ജീവനക്കാരിൽ നിന്നും 2015-16 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി 1250രൂപ ഈടാക്കിയിട്ടുണ്ട് എന്നാൽ രണ്ടാം അർദ്ധവ്രഷത്തെ നികുതി ഈടാക്കിയിട്ടില്ല.

(II) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലുള്ള ആറന്മുള ശ്രീപാർത്ഥസാരഥി ക്ഷേത്രത്തിൽ 2015-16 ഒന്നാം അർദ്ധവർഷം 21 ജീവനക്കാർ ഉണ്ടായിരുന്നതിൽ 14 ജീവനക്കാരുടെ തൊഴിൽനികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ. താഴെപ്പറയുന്ന 7 ജീവനക്കാർ സ്ഥലം മാറിപ്പോയതിന്റെ വിവരം ദേവസ്വത്തിൽ നിന്നും അറിയിച്ചെങ്കിലും തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം: | തൊഴിൽ നികുതി അടയ്ക്കേണ്ട വ്യക്തി | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | സ്ഥലം മാറിപ്പോയതിന്റെ വിവരം |
|---|---|---|---|---|
| 1 | അരവിന്ദാക്ഷൻ ഭട്ടതിരി | 157908 | 1250 | പന്തളം കുടശ്ശനാട് തിരുമണി മംഗലം |
| 2 | എസ്. ഇ.സുനിൽകുമാർ | 162596 | 1250 | ബുധനൂർ പുലിയൂർ |
| 3 | ഒ.എൻ.അനിൽ | 172044 | 1250 | ചെങ്ങന്നൂർ |
| 4 | ഒ.ഷാജി | 158708 | 1250 | പന്തളം വലിയകോയിക്കൽ |
| 5 | സുരേന്ദ്രൻ നായർ | 174324 | 1250 | മലയാലപ്പുഴ |
| 6 | വേണുഗോപാൽ | 161796 | 1250 | ചെറിയനാട് |
| 7 | കൃഷ്ണൻ നമ്പൂതിരി | 120146 | 1000 | പൂഴിക്കുന്ന് തിരുവഞ്ചാംകാവ് |

(III) സ്ഥാപനതൊഴിൽ

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യിട്ടില്ലാത്തതിനാൽ 16250 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽനികുതി |
|---|---|---|---|
| 1. | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| 2. | ബി.എസ്.എൻ.എൽ , ഇടയാറന്മുള | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| 3. | മാവേലി സ്റ്റോർ , ആറന്മുള | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| 5. | മാവേലി സ്റ്റോർ , കിടങ്ങന്നൂർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| 6. | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് , ആറന്മുള | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |

| | | | |
|---|---|---|---|
| 7. | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് , കിടങ്ങന്നൂർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| 8. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് , കിടങ്ങന്നൂർ | 2015-16 ഒന്നാം അർദ്ധവർഷം | 1250 |

# 2-3 വാടക വരുമാനം കുറവ്

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ടെങ്കിലും വാടകവരുമാനം കുറവാണ്. ഇപ്പോൾ കടമുറികളിൽ നിന്നും തുച്ഛമായ വാടക മാത്രമാണ് ഈടാക്കിവരുന്നത് . കാലാനുസതമായി വാടക പുതുക്കി നിശ്ചയിച്ച് പരമാവധി വരുമാനം ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(1).വാടക ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങന്നൂർ, കോട്ട ഷോപ്പിംഗ് കോംപ്ലക്സുകളിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെ വാടക ഈടാക്കുന്നില്ല. മുൻ റിപ്പോർട്ടുകളിൽ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വാടക നിശ്ചയിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും ഇതുവരെ വാടക ഈടാക്കാൻ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സ് | സ്ഥാപനം |
|---|---|---|
| 1 | കിടങ്ങന്നൂർ<br>റൂം നമ്പർ 3,4 | മാവേലി സ്റ്റോർ |
| 2 | കോട്ട<br>റൂം നമ്പർ 1 | പോസ്റ്റ് ഓഫീസ് |
| 3 | കോട്ട<br>റൂം നമ്പർ 5,6 | കുടുംബശ്രീ തയ്യൽ യൂണിറ്റ് |

( 2) വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ആറന്മുള ഷോപ്പിംഗ് കോംപ്ളക്സിൽ നിന്നും താഴെ പറയും പ്രകാരം വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| കടമുറിയുടെ വിവരം | കുടിശ്ശിക | മറ്റ് വിവരം |
|---|---|---|
| റൂം നം. 2 | 156 | ഡിമാന്റ്- 263*12=3156<br>ഈടാക്കിയത് - 3000 |
| റൂം നം . 4 | 1424 | രജിസ്റ്ററിൽ 912 രൂപ 16.07.15ലെ 11503101326-ാം നം: രസീത് പ്രകാരം അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി രസീത് പ്രകാരം 400രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. |

വാടകക്കുടിശ്ശിക ഈടാക്കാൻ ത്വരിതനടപടി സ്വീകരിക്കേണ്ടതാണ്

# 2-4 കിടങ്ങന്നൂർ ഷോപ്പിംഗ്കോംപ്ലക്സ്നിർമ്മാണം- ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്തിന് ലക്ഷങ്ങളുടെ വരുമാന നഷ്ടം

നബാർഡിന്റെ ധനസഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷം കിടങ്ങന്നൂർ ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വെച്ചിരുന്നില്ല. 23 ലക്ഷം രൂപ ചെലവഴിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം 20/6/15 ന് പൂർത്തീകരിച്ചിരുന്നു. 225000/ രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും 22/09/15 ന് ലഭിച്ചിരുന്നു. 2015-16

വർഷം ഷോപ്പിംഗ് കോംപ്ലക്സ് വയറിംഗ്, മാലക്കര അംഗനവാടി വയറിംഗ് എന്നിവയ്ക്കായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും (22/16) അംഗനവാടി വയറിംഗിന് ആവശ്യമായ 135574 രൂപ മാത്രമേ പ്രോജക്ടിൽ വകയിരുത്തിയിരുന്നുള്ളൂ. 2015-16 വർഷം പൊതു വിഭാഗം വികസനഫണ്ട് ഇനത്തിൽ 18252421/ രൂപ ലഭ്യമായിരുന്നുവെങ്കിലും 11519395/രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. 6733026 രൂപ ചെലവഴിക്കാതെ ലാപ്സാകുകയാണുണ്ടായത്. ഷോപ്പിംഗ് കോംപ്ലക്സ് വയറിംഗിനായി മതിയായ വികസനഫണ്ട് വകയിരുത്താതിരുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. നിർമ്മാണം പൂർത്തിയായ കെട്ടിടം 20/6/15 മുതൽ വെറുതേ കിടക്കുകയാണ്. വയറിംഗ് പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഡെപ്പോസിറ്റ് ഇനത്തിലും വാടകയിനത്തിലും ലക്ഷങ്ങളുടെ വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്നു. ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ വയറിംഗ് അടിയന്തിരമായി പൂർത്തീകരിച്ച് കടമുറികൾ ലേലം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

2015-16 സാമ്പത്തികവർഷം 327 വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. ഡി&ഒ ലൈസൻസ് ഈടാക്കുന്ന വേളയിൽ തൊഴിൽനികുതി ഈടാക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചു വരുന്നത്. പ്രസ്തുത വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) മുതൽ 205(എഫ്) പ്രകാരം നോട്ടീസ് നൽകിയിട്ടില്ല. ഇക്കാരണത്താൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പൂർണമായും ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരുടെ ലിസ്റ്റ് ആവശ്യപെട്ട് മുൻകൂർ നോട്ടീസ് നൽകി തൊഴിൽനികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയ ഗ്രാമ പഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | നൽകിയ തുക | ചെക്ക് നം/ തീയതി |
|---|---|---|
| മലയാള മനോരമ | 4180 | 887725/24.07.15 |
| മലയാള മനോരമ | 26840 | 887793/30.9.2015 |
| മാതൃഭൂമി | 9075 | 887794/30.9.2015 |
| മാതൃഭൂമി | 6000<br>6400 | 887062/1.12.15 |

| | | |
|---|---|---|
| മലയാള മനോരമ | 16104 | 887929/24.2.16 |
| ആകെ | 68599 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 10290/ രൂപ (68599x15%) പരസ്യ ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-2 ദർഘാസ് പരസ്യങ്ങൾ നൽകുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 01.1.2004-ലെ ജി.ഒ(പി)1/04/I &PRD ഉത്തരവ് പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ (2കോളം x 3സെ.മീ) നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് പാലിക്കാതെയാണ് 2014-15 ൽ ദർഘാസ് പരസ്യങ്ങൾ നൽകിയിരിക്കുന്നത്. ഇത് മൂലം പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് ഉണ്ടാകുന്നുണ്ട്. വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾക്കായി ഒന്നിച്ച് പത്രപ്പരസ്യം നൽകാതെ പല തവണയായി നൽകിയതുമൂലവും അധികച്ചെലവുണ്ടായിട്ടുണ്ട്.
വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ പത്രം | ആവശ്യം | പരസ്യത്തിന്റെ വലിപ്പം(cm2) | തുക |
|---|---|---|---|---|
| 1 | മലയാള മനോരമ | കിടങ്ങന്നൂർ മാർക്കറ്റ്-ഗേറ്റ് ഫീസ് പിരിവ് | 3.8x5=19<br>19x220=4180 | 4180 |
| 2 | മലയാള മനോരമ | 49/16,51/16,280/16,281/16,326/16 എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ | 12.2x10=122 | 26840 |
| 3 | മാതൃഭൂമി | 268/16,50/16,19/16,18/16,20/16,282/16 എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ | 12.10x10=121 | 9075 |
| 4 | മാതൃഭൂമി | 50/16,19/16,18/16 എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ | 8x4= 32 | 6400 |
| 5 | മലയാള മനോരമ | 269/16,278/16 എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾ | 12.2x6=73.2 | 16104 |

ഒരു ചതുരശ്ര മീറ്ററിന് 220/രൂപയാണ് മലയാള മനോരമ ദിനപ്പത്രം ഈടാക്കുന്നത് എന്നതിനാൽ പരസ്യത്തിന്റെ വലിപ്പം കൂടുന്നത് മൂലവും പല തവണയായി നൽകുന്നതുമൂലവും ഗ്രാമ പഞ്ചായത്തിന് വലിയ നഷ്ടം ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത് ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 KSEB സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ പ്രതി വർഷം നഷ്ടം 12.04 ലക്ഷം രൂപ

ച്ചതിനാൽ ആകെയുള്ള 98സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകൾക്കും പ്രത്യേക കണസ്യൂമർ നമ്പർ നൽകിയും അൺമീറ്റേർഡ് ലൈറ്റിന് പ്രത്യേകമായും ആണ് വൈദ്യുതി ചാർജ് നിർണ്ണയിച്ചിരിക്കുന്നത്.
ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ 3/2016-ലെ വൈദ്യുതി ചാർജ് 152426 രൂപയാണ്. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പി

| | |
|---|---|
| 12627 മുതൽ 12724 വരെ കൺസ്യൂമർ നമ്പരിലുള്ള 98സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളുടെ കറന്റ് ചാർജ് | 35809/ |
| അൺമീറ്റേർഡ് ലൈറ്റ് | 116617 |
| ആകെ | 152426 |

ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി ആറൻമുള ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ അൺമീറ്റേർഡ് ലൈറ്റുകളുടെ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 1340 | 61/- | 81740 |
| ഓർഡിനറി ബൾബ് | 60 | 183 | 94/- | 17202 |
| ഓർഡിനറി ബൾബ് | 100 | 9 | 155/- | 1395 |
| മെർക്കുറിക് വേപ്പർ ലാംപ് | 80 | 2 | 132 | 264 |
| സി.എഫ്.എൽ സെറ്റ് | 44 | 122 | 28 | 3416 |
| സി.എഫ്.എൽ | 22 | 900 | 14 | 12600 |
| Total | | 2556 | | 116627 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷമായി ഓർഡിനറി ബൾബുകൾ കൾ വാങ്ങിയിട്ടില്ല. ഇതു പ്രകാരം ഓർഡിനറി ബൾബുകൾ ഇല്ല എന്ന നിഗമനത്തിലെത്താവുന്നതാണ്. ഇല്ലാത്ത 1532 ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 100337രൂപയാണ്. അതായത് പ്രതിവർഷം 1204044രൂപ നഷ്ടപ്പെടുന്നു. ഇത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. പ്രതിമാസം 2.5 ലക്ഷം രൂപയിലധികമായിരുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയതുമൂലം 1.5 ലക്ഷം രൂപയായി കുറയ്ക്കാൻ കഴിഞ്ഞുവെങ്കിലും ഉപയോഗിക്കാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നതുമൂലം ഇതിന്റെ ആനുകൂല്യം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. മാത്രമല്ല വൈദ്യുത ബോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മീറ്റർ സ്ഥാപിച്ചതിന് ശേഷവും മീറ്ററിംഗിന്റെ പരിധിയിൽപ്പെടാതെ ഇത്രയധികം വിളക്കുകൾ ഉണ്ടെന്നുള്ളതും സാമാന്യയുക്തിയ്ക്ക് നിരക്കുന്നതല്ല. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോടു ശുപാർശ ചെയ്യുന്നു.

# 3-4 <u>പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ചെലവ് 9.24 ലക്ഷം രൂപ</u>

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 77000 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 176 ടാപ്പുകളുടെ തുകയാണിത്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത്

സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രേഖകളില്ല. ഈയിനത്തിൽ ഒരു വർഷം 924000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കഴിയൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-5 എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായുള്ള ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി(Animal birth Control programme) ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 15-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70000രൂപ വീതം ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് 23-10-2015 ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ബഹു. ജില്ലാ കളക്ടറുടെ 06-11-2015ലെ B1 18838/15നം കത്ത് പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 70000രൂപയുടെ ഡി. ഡി. (നം. 598144/ തീയതി 25-02-2016) ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 കക്കൂസ് നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെപേര് | കക്കൂസ് നിർമ്മാണം(ജനറൽ) |
| പ്രോജക്ട് നമ്പർ | എസ്.0262/16 |
| പദ്ധതി അടങ്കൽ | 680000(തനത് ഫണ്ട്) |
| എക്സ്റ്റേഷണറി എയ്ഡഡ് പരിപാടി | 2400000/ |
| ആകെ അടങ്കൽ | 3080000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

2015-16 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒനിർവ്വഹിച്ച പദ്ധതിയാണ് കക്കൂസ് നിർമ്മാണം. ഒരു ഗുണഭോക്താവിന് 12000/- രൂപ വീതമാണ് ആനുകൂല്യം നൽകുന്നത്.ഒന്നാം ഗഡുവായ 6000/- രൂപവീതം കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡുകൈപ്പറ്റാത്ത 5 ഗുണഭോക്താക്കളുണ്ട്. അവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു

.

| ക്രമ നം | പേരു വിവരം | കൈപ്പറ്റിയ തുക | ഡി.ഡി നം, തീയതി |
|---|---|---|---|
| 1 | ശ്രീമതി.ജാനകി, കളരിക്കോട് മേലേതിൽ | 6000 | 766040, 18.04.2016 |

| | | | |
|---|---|---|---|
| 2 | ശ്രീ.ശശിധരൻ നായർ തുരുത്തിപ്പള്ളിൽ | 6000 | 766043 |
| 3 | ശ്രീമതി.രാജശ്രീ രമേശ് മുരളി സദനം, നീർവിളാകം | 6000 | 766045, 19.04.2016 |
| 4 | ശ്രീമതി.ബിജി കെ.ജി കാട്ടംപറമ്പിൽ | 6000 | 766047, 19.04.2016 |
| 5 | ശ്രീ.സജി.പി.വി പേരങ്ങാട്ട് കുഴിയിൽ, മാലക്കര | 6000 | 766050, 19.04.2016 |

നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ ആയവ പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ(ജനറൽ) |
|---|---|
| പ്രോജക്ട് നമ്പർ | s0039/16 |
| അകെ അടങ്കൽ | 150000/- (മെയിൻറനൻസ് ഫണ്ട് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് Kerala State Homoeopathic Co-operative Ltd പാതിരപ്പള്ളി പി ഒ, ആലപ്പുഴയ്ക്ക് 150000/- രൂപ (ഡിഡി നമ്പർ 606826 തീയതി 30.03.2016)നൽകിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനം നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 സാന്ത്വന പരിചരണം- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം (ജനറൽ) |
|---|---|
| പ്രോജക്ടിന്റെ നമ്പർ | S 0014/16 |
| പദ്ധതി അടങ്കൽ | 560000/-(വികസന ഫണ്ട്) |

നിർവ്വഹണ ഉദ്യോഗസ്ഥൻ- എം.ഒ, സി.എച്ച്.സി, വല്ലന

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന് 147441/- രൂപ (ഡി.ഡി നം 606590 തീയതി 29.03.2016) ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് പ്രാവശ്യമായി ആകെ 133976/- രൂപയുടെ (89756+44220) മരുന്ന് മാത്രമേ കാരുണ്യ ഫാർമസിയ്ക്ക് നൽകിയിട്ടുള്ളൂ. ബാക്കിയുള്ള 13465/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വാകരിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ.പദ്ധതിവിനിയോഗവിവരം ലഭിച്ചിട്ടില്ല

ഐ.എ.വൈ.പദ്ധതിയ്ക്കായി 8,00,000 രൂപ (ചെക്ക് നം : 881143 , തീയതി : 28.01.2016) പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക്

ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-10 പള്ളിയോടങ്ങൾക്ക് ധനസഹായം- സർക്കാർ അനുമതി വാങ്ങിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം പള്ളിയോടങ്ങൾക്ക് ധനസഹായം എന്ന പ്രോജക്ടിന്റെ ഭാഗമായി 15000/രൂപ ക്രമത്തിൽ 7 പള്ളിയോടങ്ങൾക്കായി 105000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പള്ളി വിളക്കുകൾക്ക് ധനസഹായം എന്ന പ്രോജക്ട് പ്രകാരം 15000/- രൂപയും നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി തനത് ഫണ്ട് വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിൽ ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല. കേരള പഞ്ചായത്ത് രാജ് അസാധാരണച്ചെലവ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ഒരു വർഷം പരമാവധി ചെയ്യാവുന്ന ആസാധാരണച്ചെലവ് ഒരു ലക്ഷം രൂപ മാത്രമാണ്. ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രമേ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവൂ എന്നത് തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

Public Works (H) Department-ന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95%ഉം 1.07.15 മുതൽ 45.71% ഉം ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3/6925.60 ആണ്.(4753.29X1.4095/4753x1.4571). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്.(Flooring; DSR Code: 11.7). അതായത്, 7058.80/m3 or 7297/m3 എന്ന നിരക്കാണ് അനുവദിച്ച നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ | ബിൽ നം. തീയതി | എം.ബുക്ക് നം./ കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക (@6699.76/ m36925.60) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 339/16 | 58/15-16,218/16 dtd.22.2.16, | 6.975m3@7297/m3, 50896.60 | 48306 | 2590.60 |
| 2 | 2338/16 | 40/ 15-16,200/16 dtd.18.2.16 | 5.6 @7297/m3,40863 | 38783 | 2080 |
| 3 | 316/16 | 28/15-16,229/16 dtd.22.2.16 | 13.20@7059,93178.80 | 88436 | 4741.96 |
| 4 | 333/16 | 29/15/-16,22.2.16 | 18.6@ 7297/m3,135724 | 128816 | 6908 |
| 6. | 290/16 | ,262/29.3.16 | 39/15-16,14.80@ 7297,107995.6 | 102498.80 | 5496.72 |
| 7 | 291/16 | 12/,207 /18.2.1615-16 | 9.90@7059, 69881 .92 | 66326.63 | 3555.29 |

| | | | | | |
|---|---|---|---|---|---|
| 8 | 332/16 | 27/ 15-16,219/22.2.16 | 27/15-16,24.892@7297 /m3,181636.92 | 172392.03 | 9244.88 |
| 9 | 132/16 | 208/18.2.16 | 43/15-16,26.10@7297 /m3,190451.7 | 180758.16 | 9693.54 |
| 10 | 331/16 | 228/16dtd.22.2.16 | 59/16,18.90@ 7297,13791.33 | 130893.84 | 7019.46 |
| 11 | 328/16 | 189/14.1.16 | 57/15-16,11.820 @ 7297,86250.54 | 81860.54 | 4389.95 |
| 12 | 301/16 | 141/28.9.15 | 4/15-16,12.80@7059.90355.52 | 85755.64 | 4599.87 |
| 13 | 342/16 | 251/21.3.16 | 38/15-16,16.65@ 7297,121497.55 | 115311.24 | 6186.31 |
| 14 | 345/16 | 203/18.2.16 | 35/ 15-16,17.572@ 7297,1282225 | 121696.64 | 6528.87 |
| 15 | 336/16 | 275/31.3.16 | 86/15-16,21.84@ 7297,15966.48 | 151255.10 | 8111.37 |
| 17 | 325/16 | 215/22.2.16 | 36/15-16@7297,36486 | 34628 | 1856 |
| 18 | 298/16 | 263/28.3.16 | 55/15-16,9.70@ 7297,70780.90 | 67178.30 | 3602.58 |
| 19 | 299/16 | 180/30.12.16 | 9/15-16,18.90@7058.78,133410 | 126624 | 6786 |
| 20 | 344/16 | 186/19.1.16 | 47/15-16,5.625@ 7297,41045.65 | 38956.50 | 2089 |
| 21 | 324/16 | 205/16 | 49/15-16,28.35@ 7297,206869.95 | 196340,76 | 10529.19 |
| 22 | 308/16 | 277/01.3.16 | 7/15-16,3.262@7058.78,23025.47 | 21854.29 | 1171.17 |
| 23 | 294/16 | 82/19.9.15 | 1/15-16,6.135@7058.78,43305 | 41102 | 2203 |
| 24 | 355/16 | 153/15.10.15 | 10/115-16,9m3@ 7297,65674.35 | 62330.40 | 3343.95 |
| 25 | 330/16 | 236/22.2.16 | 60/15-16,6.50m3@ 7297,47430.5 | 45016.40 | 2414 |
| 26 | 313/16 | 142/25.9.15 | 5/15-16,8.40m3@ 7058.78,59293.75 | 56277.14 | 3016.60 |
| 27 | 337/16 | 236/22.2.16 | 32/15-16,18.547m3@ 7297,135337.46 | 128449.10 | 6888.36 |
| 28 | 336/16 | 275/31.3.16 | 86/15-16,21.84m3@ 7297,159366.48 | 151255.10 | 8111.37 |
| ആകെ | | | | 116806.16=116806 | |

## 3-12 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർച്ചിരുന്നു (സ.ഉ.(എം.എസ്.)നമ്പർ 225/12/തസ്വഭവ, തീ. 18.08.12 – അനുബന്ധം 1, പാര. 12(viii)]. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഓഡിറ്റ് വർഷം നടപ്പിലാക്കിയ 258 പ്രവർത്തികളിൽ 163 റോഡ് നിർമ്മാണ പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു (ചെലവ് - 31153056രൂ.). റോഡു പ്രവൃത്തികളിൽ ചെലവുകുറഞ്ഞ മെറ്റലിംഗിനും, ടാറിംഗിനും പകരമാണ് അതിന്റെ ഇരട്ടിയിലധികം ചെലവു വരുന്ന കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുന്നത്. ചെലവു കുറഞ്ഞ മാർഗ്ഗം അവലംബിച്ച് റോഡുകളുടെ പുനരുദ്ധാരണം നടത്താമെന്നിരിക്കെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുകയും ചെറിയ നീളം റോഡ്

കോൺക്രീറ്റിംഗ് നടത്തുന്നതും ശരിയായ പ്രവണതയല്ല.

മെറ്റലിംഗം, ടാറിംഗിനും നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്തി എം. ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടെന്നും, ഗുണനിലവാരം നിലനിർത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ഉറപ്പിക്കാൻ ഈ നടപടി മൂലം സാധിക്കും. എന്നാൽ റോഡ് കോൺക്രീറ്റിംഗിന് നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്താൻ പ്രത്യേക നിർദ്ദേശം ഇല്ലാത്തതിനാലും, പ്രവർത്തികളുടെ എണ്ണത്തിന്റെ ബാഹുല്യം നിമിത്തവും അളവ് തിട്ടപ്പെടുത്താതെയും ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാതെയും പ്രവൃത്തി നടത്തുന്ന സാഹചര്യം കരാറുകാരന് അധികലാഭം ഉണ്ടാക്കുവാനുള്ള പഴുത് സൃഷ്ടിക്കുന്നു. ആവശ്യത്തിന് സിമന്റ് ഉപയോഗിക്കാതിരിക്കുക, എം.സാന്റിന് പകരം പാറപ്പൊടി ഉപയോഗിക്കുക, കോൺക്രീറ്റിന് ശേഷം ആവശ്യമായ ക്യൂറിംഗ് നൽകാതിരിക്കുക തുടങ്ങിയ അപാകതകളും വ്യാപകമാണ്. ഇവയെല്ലാം പ്രവൃത്തിയുടെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകുന്നു.

ഈ വിഷയത്തിൽ ഭരണസമിതിയുടേയും, ഭരണ വകുപ്പിന്റെയും പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു

## 3-13 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി റോഡ് കോൺക്രീറ്റിംഗ് നടത്തി

2015-16വർഷം നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റ് വ്യാപകമായി വകമാറ്റി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ് കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതെന്ന് സർക്കുലർ നം. 68228/എഫ്.എം.1/2012/ ത.സ്വ.ഭ.വ., തീ.28.11.12 അനുശാസിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 01.12.07-ലെ 64952/ഡി.എ.1/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് അറ്റകുറ്റപ്പണികളിൽ ആവശ്യമായ ഓട നിർമ്മാണം, ചപ്പാത്ത് നിർമ്മാണം, ഗ്രാവൽ മണ്ണ് ഉപയോഗിച്ച് ഉപരിതലം നിരപ്പാക്കൽ എന്നിവ ഉൾപ്പെടുത്താതെയുള്ളതും ചെറിയ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതുമായ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 10488428 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇത് ക്രമവിരുദ്ധമാണ്. ഇക്കാര്യത്തിൽ ഭരണസമിതി ഭരണവകുപ്പ് എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-14 എം.ബുക്ക് ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

നബാർഡിന്റെ സഹായത്തോടെ 2400000 രൂപ അടങ്കലിൽ തയ്യാറാക്കിയ കിടങ്ങന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് എന്ന പദ്ധതിക്കായി തൻവർഷം 2191074 രൂപ ചെലവഴിച്ചിട്ടുണ്ട്( ആകെ ചെലവ് 2330929/-).

എന്നാൽ പ്രസ്തുത പ്രവർത്തിയുടെ എം.ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടി പ്രവർത്തിയ്ക്കായി ചെലവഴിച്ച് തുകയുടെ കൃത്യത പരിശോധനാ വിധേയമാക്കാൻ കഴിഞ്ഞില്ല. എം. ബുക്ക് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് പരിശോധനക്കായി നബാർഡിന് ഹാജരാക്കിയിരിക്കുന്നു എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. എന്നിരുന്നാലും എം.ബുക്കിന്റെ അഭാവത്തിൽ തൻ വർഷം ചെലവഴിച്ച തുക 2191074 തടസ്സത്തിൽ വയ്ക്കുന്നു.(ഡി.ഡി.നം. 4483228/07.05.16)

## 3-15 ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അവഗണിക്കുന്നു.26.3 ലക്ഷം രൂപ നിഷ്ക്രിയം

ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2003-04 വർഷമായിരുന്നു. 2007-08 വർഷം അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്കരിച്ചത്. 42.44 ലക്ഷം രൂപ വകയിരുത്തി 64 ഗുണഭോക്താക്കൾക്ക് പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ചലഞ്ച് ഫണ്ടിനത്തിൽ 10 ലക്ഷം രൂപയും 29 ലക്ഷം രൂപ വികസനഫണ്ടും നൽകി. തുടക്കത്തിൽ ഗുണഭോക്താക്കൾക്ക് വീട്, ഭൂമി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകിയെങ്കിലും പിന്നീട് പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. 2010-11-ൽ റീവിസിറ്റ് നടത്തി പുനക്രമീകരിച്ച പദ്ധതി പ്രകാരം 43 അഗതി കുടുംബങ്ങളാണുണ്ടായിരുന്നത്. ഇവർക്ക് ഭക്ഷണ വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സേവനങ്ങൾ നൽകിയില്ല.രണ്ടാം ഘട്ട പദ്ധതിയ്ക്ക് 499977/-രൂപ ചലഞ്ച് ഫണ്ട് ലഭിച്ചതിൽ 479800/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 2014-15, 2015-16 വർഷങ്ങളിൽ 2ലക്ഷം രൂപ വീതം അഡ്വാൻസായി നൽകിയത് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വികസന ഫണ്ടിൽ നിന്നും അഡ്വാൻസായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

നിലവിൽ ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിലാണ്. 2630296/രൂപ അക്കൗണ്ടിൽ നിഷ്ക്രീയമായി അവശേഷിക്കുന്നു ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നില്ലെന്നു മാത്രമല്ല ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന വ്യക്തിഗത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നതിനും ശ്രദ്ധിച്ചിട്ടില്ല.

ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തും, സി.ഡി.എസും. സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഐ.സി.ഡി.എസ്. പ്രൊജക്ട് | 672850 | അങ്കണവാടി പോഷകാഹാരം | 672850 | 0 |
| ആർ.ഐ.ഡി.എഫ് | 1875000 | കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സ് | 1875000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ

## വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി. | മാലക്കര മാതൃക അങ്കണവാടി വയറിംഗ് | 21501076/31.03.16 | 135574 | പൂർത്തീകരിച്ചിട്ടില്ല.. |
| | ളാക എസ്.എൻ.ഡി.പി.സ്കൂൾ വൈദ്യുതീകരണം | 21501173/31.03.16 | 107817 | |
| കെ.എസ്.ഇ.ബി. | വിളക്കുമാടം - ഇല്ലത്തുപടി ഇലക്ട്രിക് ലൈൻ വലിക്കൽ | 21500431 | 53955 | പൂർത്തീകരിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | പേരങ്ങാട്ട് മെയ്ക്കുന്നിൽ കോളനി ലൈൻ മാറ്റി സ്ഥാപിക്കൽ | 879555 28.09.15 | 54383 | പൂർത്തീകരിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | മണ്ണാരവേലി മോടി കോളനി മാലേത്തുകാല കോളനി ലൈൻ എക്സ്റ്റൻഷൻ | 879947 17.10.15 | 96020 | പൂർത്തീകരിച്ചിട്ടില്ല. |
| ഭൂജല വകുപ്പ് | മാലേത്തുകാല കോളനി കുടിവെള്ള പദ്ധതി | 598191 26.02.2016 607331 31.03.2016 | 74445+ 275555 350000 | പൂർത്തീകരിച്ചിട്ടില്ല. |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | കാലയളവ് | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | അങ്കണവാടി നിർമ്മാണം (നം.5) | ഗോപാലൻ കൊച്ചുപറമ്പിൽ വല്ലന | 2013-14 | 100000 | ഇല്ല | 100000 | വാടക കെട്ടിടം ലഭിക്കുവാനുണ്ടായ കാലതാമസത്തിനാൽ പ്രവൃത്തി തുടങ്ങുവാൻ താമസിച്ചു. |

# 4-4(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവനനിർമ്മാണം | സ.ഉ.(സാധാ.) 833 /10/ ത.സ്വ.ഭ.വ. തീയതി: 16.03.10 | 8563500 | 1074100 | 1074100 | | 0 | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2058628 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2058628 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2058628 |

# 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം തുക ഈടാക്കിയിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | |
| 1 | 2 | 3 | 4 | 5 | 7 | 8 |
| 1 | സി.എച്ച്.സി, വല്ലന | ലഭ്യമല്ല | 2015-16 വർഷത്തെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല | | - | - |
| 2 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, ആറന്മുള | ഇല്ല | 2015-16 വർഷത്തെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല | | - | - |
| 3 | ഗവ.ഹോമിയോ ആശുപത്രി, | രൂപീകരിച്ചിട്ടില്ല | | | - | - |

| | | | | | |
|---|---|---|---|---|---|
| | വെള്ളപ്പാറ | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ | 91446173 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82363092 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 116806 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3061074 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 116806 | റീനതോമസ്,അസി.എഞ്ചിനീയർ |
| ആകെ | 116806 | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 70000 | ശ്രീ വി.യു.മോഹനൻ,സെക്രട്ടറി |
| 3-9 | 800000 | ശ്രീ.റ്റി.വി.വിജയൻ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 2191074 | റീനതോമസ്,അസി.എഞ്ചിനീയർ |
| ആകെ | 3061074 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| റീനതോമസ് | അസി.എഞ്ചിനീയർ,ആറന്മുള ഗ്രാമപഞ്ചായത്ത് | കൊയ്പ്പത്തറയിൽ,പെണ്ണുക്കര.പി.ഒ.,ചെങ്ങന്നൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.പി.റ്റി.എ./പി2/324/94, തീ.15.07.94 | |
| 1995-96 | എൽ.എഫ്.പി.റ്റി.എ./പി2/119/98, തീ.04.06.99 | |
| 1996-97 | എൽ.എഫ്.പി.റ്റി.എ/പി3/746/2003, തീ.06.05. | |
| 1997-98 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/346/04, തീ. 14.09.04 | |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/347/04, തീ. 15.09.04 | |
| 1999-00 (EXP) | എൽ.എഫ്.പി.റ്റി.എ./പി3/844/00, തീ. 29.09.01 | |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ./പി3/488/00, തീ. 03.11.03 | |
| 2000-01 (EXP) | എൽ.എഫ്.പി.റ്റി.എ./പി3/477/05, തീ. 05.11.06 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/478/05, തീ.05.01.06/15.02.06 | 2 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ./പി3/489/03, തീ. 01.11.03 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ./പി3/121/07, തീ. 08.05.07/05.10.07 | 20 |
| 2003-04 | എൽ.എഫ്.പി.റ്റി.എ./പി6/642/09, തീ. 13.04.10 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ./പി5/490/10,തീ. 09.12.11 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ./പി5/491/10, തീ.11.01.11 | 3 |
| 2006-07 2009-10 | എൽ.എഫ്.പി.റ്റി.എ./പി5/687/12, തീ.30.10.12 | എല്ലാ ഖണ്ഡികകളും |
| 2010-11 | എൽ.എഫ്.പി.റ്റി.എ./പി5/571/13, തീ. 11.09.13 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പി.റ്റി.എ./പി5 572/13 തീയതി 23.09.13 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2012-13<br>2013-14 | എൽ.എഫ്.പി.റ്റി.എ./പി11/894/14<br>തീയതി 01.12.14/04.02.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി11/682/16<br>തീയതി 24.6.2016 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്നറിപ്പോർട്ടുകളിലെതടസ്സങ്ങൾതീർപ്പാക്കാൻഅടിയന്തിരനടപടികൾസ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/1206/2016
തീയതി 7/11/2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ആറൻമുള ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആറൻമുള ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.K.S.A.PTA/P11
/1206/16 Dated
:7/11/2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Aranmula Gramma Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Aranmula Gramma Panchayat for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director
Kerala State Audit Department
Pathanamthitta

# അനുബന്ധം-2

## ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം: ആറന്മുള ഗ്രാമപ്പഞ്ചായത്ത്.

| | |
|---|---|
| സ്ഥാപനം | ആറന്മുള ഗ്രാമപ്പഞ്ചായത്ത്. |
| വിസ്തീർണ്ണം | 2494 ഹെക്ടർ |
| ജനസംഖ്യ | 29994 |
| വാർഡുകളുടെ എണ്ണം | 18 |
| ആകെ ജീവനക്കാരുടെ എണ്ണം | 16 |
| സ്ഥിരം | 14 |
| താൽക്കാലികം | 1 |
| കരാറടിസ്ഥാനത്തിൽ | 4 |
| ആകെ | 19 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി.പി.കെ.വിജയലക്ഷ്മി. | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി. സജിതാദാസ് | ഓഡിറ്റ് ഓഫീസർ 06.10.16, 07.10.16 |
| 3 | ശ്രീ.രമണൻ. എസ് | ഓഡിറ്റ് ഓഫീസർ<br>14.10.2016 മുതൽ |
| 4 | ശ്രീമതി. പി.സി.സൂര്യപ്രഭ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 5 | ശ്രീമതി.എസ്.ദീപ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ. തങ്കച്ചൻ കാക്കനാട് | 01.04.2015 മുതൽ 30.09.2015 വരെ |

| | |
|---|---|
| ഭരണനിർവ്വഹണസമിതി | 01.10.2015 മുതൽ 01.12.2015വരെ |
| ശ്രീമതി. ഐഷാ പുരുഷോത്തമൻ | 02.12.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.റ്റി.എൻ.ഓമനക്കുട്ടൻ. | `01.04.2015 മുതൽ.20. 07.2015 വരെ |
| ശ്രീ.രാജേഷ് .ഡി. | `21.07.2015 മുതൽ 14.12.2016 വരെ |
| ശ്രീ.റ്റി.വി.വിജയൻ ( അസിസ്റ്റന്റ് സെക്രട്ടറി )സെക്രട്ടറിയുടെ ചുമതല വഹിച്ചു | `15.12.2015 മുതൽ 07.01.2016 വരെ |
| ശ്രീ വി.യു.മോഹനൻ | 08.01.2016മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ക്രമ നം. | പേര് ,തസ്തിക | കാലയളവ് |
|---|---|---|
| 1 | ശ്രീ.രാജേഷ് കുമാർ .ആർ , അസിസ്റ്റന്റ് സെക്രട്ടറി. | 01.04.2015മുതൽ 18.08.2015 വരെ |
| 2 | ശ്രീ.റ്റി.വി.വിജയൻ , അസിസ്റ്റന്റ് സെക്രട്ടറി | 19.08.2015 മുതൽ 31.03.2016 വരെ |
| 3 | ശ്രീമതി : റീനാ തോമസ് , അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2015മുതൽ 31.03.2016 വരെ |
| 4 | ശ്രീ.ഗണേഷ്.എം., മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | 01.04.2015മുതൽ 04.06.2015 വരെ |
| 5 | ഡോ.ഷബീർ.ബി, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | 04.06.2015 മുതൽ 12.11.2015 വരെ |
| 6 | ശ്രീമതി.ഷമ്മി രാജൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 13.11.2015 മുതൽ 31.03.2016 വരെ |
| 7 | ഡോ.രജിത ടി.വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | ഡോ.ഹരീന്ദ്രനാഥ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | അരുൺ.ആർ.നായർ, കൃഷി ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | ഡോ.എസ്.നീന, വെറ്റിനറി സർജൻ | 01.04.2015 മുതൽ |

| | | |
|---|---|---|
| | | 27.05.2015 വരെ |
| 11 | ഡോ.രാജേഷ് ബാബു.ആർ, വെറ്റിനറി സർജൻ | 28.05.2015 മുതൽ<br>31.08.2015 വരെ |
| 12 | ഡോ.എസ്.നീന, വെറ്റിനറി സർജൻ | 01.09.2015 മുതൽ<br>20.09.2015 വരെ |
| 13 | ഡോ.ശ്രീകാർത്തിക തങ്കപ്പൻ, വെറ്റിനറി സർജൻ | 21.09.2015 മുതൽ<br>31.03.2016 വരെ |
| 14 | ശ്രീമതി.ഡെയ്സി മാത്യു, ഹെഡ്മിസ്ട്രസ് | 01.04.2015 മുതൽ<br>31.03.2016 വരെ |
| 15 | രാഹുൽ എസ്, വി.ഇ.ഒ | 01.04.2015മുതൽ<br>31.03.2016 വരെ |
| 16 | ശ്രീമതി.അംബിക അന്തർജനം.ഡി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2015മുതൽ<br>18.12.2015 വരെ |
| 17 | ശ്രീമതി.മിനിമോൾ.എ.എസ്, ഐ.സി.ഡിഎസ്<br>സൂപ്പർവൈസർ | 19.12.2015 മുതൽ<br>31.03.2016 വരെ |

ഡെപ്യൂട്ടി ഡയറക്ടർ